# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 3402 22.08.2017 ൽ മറുപടിയ്ക്ക്

## എരഞ്ഞോണ അബ്ദുൽ കരീം കൊല്ലപ്പെട്ടുവെന്ന കരുതുന്ന കേസ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.പി.ടി.എ. റഹീം | | ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) | താമരശ്ശേരി പോലീസ് സ്റ്റേഷൻ പരിധിയിൽ എരഞ്ഞോണ അബ്ദുൽ കരീം കൊല്ലപ്പെട്ടുവെന്ന കരുതുന്ന സംഭവത്തിൽ ക്രൈംബ്രാഞ്ച് കണ്ടെത്തിയ പ്രതികൾ ആരെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) | മിഥിലാജ്, ഫിർദൗസ്, മുഹമ്മദ് ഫായിസ്, മൈമൂന, റഫീക്ക് എന്നിവരാണ് കേസിലുൾപ്പെട്ടതായി കണ്ടെത്തിയിട്ടുള്ള പ്രതികൾ. |
| (ബി) | അബ്ദുൾ കരീമിന്റെ മൃതദേഹം ഇതുവരെയും കണ്ടെത്താൻ സാധിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | പ്രതികളുമായി നടത്തിയ തിരച്ചിലിൽ കർണാടകയിലെ കബനി കനാലിൽ നിന്ന് അബ്ദുൽ കരീമിന്റെ ശരീരത്തോട് സാമ്യമുള്ള ഒരു മൃതശരീരം ക്രൈംബ്രാഞ്ച് സംഘം കണ്ടെത്തിയിരുന്നുവോ; | (സി) | കണ്ടെത്തിയിരുന്നു. കേസിലെ ഒന്നും രണ്ടും പ്രതികളുടെ കുറ്റസമ്മതമൊഴി പ്രകാരം അബ്ദുൾ കരീമിന്റെ ശവശരീരം ഒഴുക്കിക്കളഞ്ഞു എന്നുപറയപ്പെടുന്ന കബനീ കനാലിൽ വീണ്ടും തെരച്ചിൽ നടത്തിയിരുന്നു. 16/01/2017-ാം തീയതി കനാലിൽ നിന്നും കണ്ടെടുത്ത മൃത ശരീരാവശിഷ്ടങ്ങൾ കോഴിക്കോട് മെഡിക്കൽ കോളേജ് ഫോറൻസിക് വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ആന്റ് അസിസ്റ്റന്റ് പോലീസ് സർജന്റെ പരിശോധനയ്ക്ക് ശേഷം ഇൻക്വസ്റ്റ് റിപ്പോർട്ട് തയ്യാറാക്കി ബഹുമാനപ്പെട്ട കോടതി മുഖാന്തിരം 27/01/2017-ാം തീയതി തിരുവനന്തപുരം ഫോറൻസിക് സയൻസ് ലാബിലേയ്ക്ക് ഡി.എൻ.എ. പരിശോധനയ്ക്കായി നൽകിയിട്ടുണ്ട്. |
| (ഡി) | പ്രസ്തുത മൃതശരീരം തിരിച്ചറിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതു സംബന്ധിച്ച് അന്വേഷണം നടത്താൻ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (ഡി) | തിരിച്ചറിഞ്ഞിട്ടില്ല. പ്രസ്തുത മൃതദേഹം ലഭിച്ച സ്ഥലം കർണാടകയിലെ ചാമരാജ് നഗർ ഈസ്റ്റ് പോലീസ് സ്റ്റേഷൻ പരിധിയിലായതിനാൽ, മൃതശരീരാവശിഷ്ട- |

| | | | |
|---|---|---|---|
| | | | ങ്ങൾ സംബന്ധിച്ച തുടരന്വേഷണം നടത്തുന്നതിനായി കർണാടക ചാമരാജ് നഗർ പോലീസ് സൂപ്രണ്ടിന് റിപ്പോർട്ട് സമർപ്പിക്കുകയും, തുടർന്ന് ചാമരാജ് നഗർ ഈസ്റ്റ് പോലീസ് സ്റ്റേഷനിൽ **Cr.251/2016 u/s 302, 201 IPC** ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരികയും ചെയ്യുന്നു. |
| (ഇ) | അബ്ദുൽ കരീം വധത്തിലെ പ്രതികൾക്ക് തിരച്ചിലിൽ മൃതശരീരം കണ്ടെത്തിയ സംഭവവുമായി എന്തെങ്കിലും ബന്ധമുണ്ടോ എന്നത് അന്വേഷണപരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; | (ഇ) | ആയതു സംബന്ധിച്ച് അന്വേഷണം നടത്തി വരുന്നു. |
| (എഫ്) | അന്വേഷണ ഉദ്യോഗസ്ഥരെ തെറ്റിദ്ധരിപ്പിക്കുന്നതിനും തെളിവുകൾ നശിപ്പിക്കുന്നതിനുമായി അബ്ദുൽ കരീമിന് പകരം മറ്റൊരാളുടെ മൃതശരീരം കൊണ്ടുപോയി തള്ളുന്നതിനുള്ള സാദ്ധ്യത സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോ; | (എഫ്) | അന്വേഷണ പരിധിയിൽ ഈ വിഷയവും ഉൾക്കൊള്ളുന്നുണ്ട്. |
| (ജി) | യഥാർത്ഥ മൃതശരീരം ഇതുവരെയും കണ്ടെത്താൻ കഴിയാത്തതിനാലും, കേസിൽ ഇതുവരെയും അന്വേഷണം പൂർത്തീകരിച്ച് കുറ്റപത്രം സമർപ്പിക്കാൻ സാധിക്കാത്ത സാഹചര്യത്തിലും ഒരു പ്രത്യേക ടീമിനെ ഇതു സംബന്ധിച്ച അന്വേഷണം ഏൽപ്പിക്കുന്ന കാര്യം പരിഗണിക്കുമോ എന്ന് വെളിപ്പെടുത്താമോ? | (ജി) | നിലവിൽ ക്രൈംബ്രാഞ്ച് വിഭാഗം ഊർജ്ജിതമായി കേസന്വേഷണം നടത്തി വരുന്നതിനാൽ പ്രത്യേക അന്വേഷണ സംഘത്തിന്റെ ആവശ്യകത ഇപ്പോൾ നിലവിലില്ല. |

സെക്ഷൻ ഓഫീസർ.

Re